പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1746 — 06.03.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക ബാധ്യത

| ചോദ്യം<br>ശ്രീ. പി.കെ ശശി | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യിൽ കാലാകാലങ്ങളിൽ നിരക്കു വർദ്ധനയും സർചാർജ്ജും ഈടാക്കുന്നുവെങ്കിലും ജീവനക്കാർക്കും പെൻഷൻകാർക്കും ശമ്പളമോ പെൻഷനോ നൽകാനാവാത്ത അവസ്ഥ നേരിടേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി. ലാഭകരമാക്കാനുള്ള പരിശോധനക്ക് നിയോഗിച്ച പഠന കമ്മീഷൻ റിപ്പോർട്ടിൽ പ്രസ്തുത അവസ്ഥയ്ക്ക് കണ്ടെത്തിയ കാരണങ്ങൾ എന്തെല്ലാം; | (ബി) | പ്രസ്തുത പഠനം സംബന്ധിച്ച സമഗ്ര റിപ്പോർട്ട് ലഭിച്ചിട്ടില്ല. പരിശോധിച്ചതിനു ശേഷമേ പറയാൻ സാധിക്കുകയുള്ളൂ. |
| (സി) | മുൻസർക്കാർ എം.ഡി. യായി നിയമിച്ച ശ്രീ.ആന്റണി ചാക്കോയുടെ ശമ്പളം എത്രയായിരുന്നുവെന്നും ഇദ്ദേഹം എത്രകാലം എം.ഡി യായിരുന്നുവെന്നും പ്രസ്തുത കാലയളവിൽ ടിയാൻ വാങ്ങിയ ശമ്പളം, ലീവ് സറണ്ടർ, മറ്റാനുകൂല്യങ്ങൾ എന്നിവ എത്രയെന്നും, യാത്ര ബിൽ തുക, ടാക്സി ചെലവ് , മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് എന്നിവ എത്രയെന്നുമുള്ള വിവരം വ്യക്തമാക്കുമോ; | (സി) | രണ്ട് വർഷവും, 4 മാസവും.<br>ആകെ ശമ്പളം - 53,04,290 രൂപ<br>ലീവ് സറണ്ടർ - 2,89,391 രൂപ<br>മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് - 2,65,332 രൂപ<br>TA/DA - 2,55,348 രൂപ |

| | | | |
|---|---|---|---|
| (ഡി) | ജീവനക്കാർക്കും പെൻഷൻക്കാർക്കും ഇനിയും എത്ര ശമ്പളം, പെൻഷൻ കുടിശ്ശിക എന്നിവ നൽകുവാനുണ്ടെന്നും മുൻ എം.ഡി.യ്ക്ക് ഇനി എന്തെങ്കിലും പ്രസ്തുത ഇനത്തിൽ നൽകുവാനുണ്ടോയെന്നും വ്യക്തമാക്കുമോ; | (ഡി) | ശമ്പളം കുടിശ്ശികയില്ല. അതേസമയം ഫെബ്രുവരി മാസത്തെ പെൻഷൻ കൊടുക്കുവാനുണ്ട്. മുൻ സി.എം.ഡി. ശ്രീ. ആന്റണി ചാക്കോയ്ക്ക് കോർപ്പറേഷനിൽ നിന്നും യാതൊരാനുകൂല്യങ്ങളും നൽകുവാനില്ല. |
| (ഇ) | കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കും പെൻഷൻകാർക്കും യഥാസമയം ആനുകൂല്യങ്ങൾ നൽകാനും കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും, ഉള്ള ആസ്തികൾ പണയം വെയ്ക്കാതെ എന്തു നടപടി സ്വീകരിക്കാൻ കഴിയും എന്നതിനെക്കുറിച്ച് പഠനം നടത്തി അടിയന്തിര നടപടി സ്വീകരിക്കുന്ന വിഷയം പരിഗണിക്കുമോ? | (ഇ) | പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ